# പതിനാലാം കേരളനിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*313 | 10/05/2017-ൽ മറുപടിക്ക്

## വിവരസാങ്കേതികവിദ്യാ വ്യവസായത്തിന്റെ സാധ്യത വികസിപ്പിക്കുന്നതിന് നടപടി

ചോദ്യം

ശ്രീമതി.വീണാ ജോർജ്ജ്
ശ്രീ. ബി.സത്യൻ
" എം. സ്വരാജ്
" എ. എൻ. ഷംസീർ

മറുപടി

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | മലിനീകരണ രഹിതവും താരതമ്യേന വളരെ കുറച്ചു സ്ഥലം മാത്രം ആവശ്യമുള്ള-തുമായ വിവരസാങ്കേതിക വിദ്യാ വ്യവസായം സംസ്ഥാനത്ത് ഒരു മുഖ്യ തൊഴിൽ മേഖലയെന്ന നിലയിൽ വളർത്തിയെടുക്കാ-നായി എന്തെല്ലാം പദ്ധതിക-ളാണുള്ളത്; വിശദമാക്കുമോ; | എ) | സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിൽ മലിനീകരണരഹിതവും താരതമ്യേന വളരെ കുറച്ചു സ്ഥലം മാത്രം ആവശ്യമുള്ളതുമായ വിവരസാങ്കേതിക വിദ്യയ്ക്കുള്ള നിർണ്ണായകമായ പങ്ക് മനസ്സിലാക്കി ഐ.ടി.യെ ഒരു മുഖ്യ തൊഴിൽ മേഖല എന്ന നിലയിൽ വളർത്തിയെടുക്കാനായി നിരവധി പദ്ധതികളാണ് പുതിയ ഐ.ടി. നയം 2017-ൽ (കരട്) ഉൾപ്പെടുത്തിയിട്ടുള്ളത്.<br>അവയിൽ പ്രധാനമായവ കേരളത്തെ ഏറ്റവും നല്ല ഐ.ടി. നിക്ഷേപ സൗഹൃദ കേന്ദ്രമാക്കുക, മികച്ച ഇ-ഗവേണൻസ് സംവിധാനത്തിലൂടെ സർക്കാർ സേവനങ്ങൾ സുഗമവും സുതാര്യവുമാക്കി എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുക തുടങ്ങിയവയാണ്. |
| (ബി) | നഗര കേന്ദ്രീകൃതമെന്നതിനുപരി ഗ്രാമപ്രദേശത്തേയ്ക്കുകൂടി ഈ വ്യവസായത്തിന്റെ സാധ്യത വികസിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികളുണ്ടോ; ഗ്രാമീണ | (ബി) | ഒരു വ്യവസായമെന്ന രീതിയിൽ നഗര കേന്ദ്രീകൃതമായിട്ടാണ് ഐ.ടി. വ്യവസായത്തിന്റെ സാധ്യത ഉള്ളത്. എന്നാൽ സ്മാർട്ട് ഗ്രാമങ്ങൾ / സ്മാർട്ട് പഞ്ചായത്തുകൾ, ഗ്രാൻഡ് |

| | | | |
|---|---|---|---|
| | മേഖലയിൽ ആരംഭിക്കുന്ന സ്ഥാപനങ്ങൾക്ക് വിവിധ സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ; | | ഇന്നവേഷൻ ചലഞ്ച് പദ്ധതി, ഗ്രാമീണ മേഖലകളിലെ ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും വിപണി കണ്ടെത്താനുള്ള ഓൺലൈൻ വിപണന കേന്ദ്രങ്ങൾ തുടങ്ങിയ പദ്ധതികൾ ഐ.ടി. നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി) | ഐ.ടി ഒരു മുഖ്യതൊഴിൽ മേഖലയായി വളർത്തിയെടുക്കുന്നതിനോടൊപ്പം തന്നെ ഈ മേഖലയിലെ നീതിരഹിതമായ തൊഴിൽചൂഷണം തടയാൻ വേണ്ട സംവിധാനവും ഏർപ്പെടുത്തുവാൻ തയ്യാറാകുമോ? | സി) | ഐ.ടി. നയത്തിൽ മിനിമം കൂലി ഉറപ്പുവരുത്തുക, തൊഴിൽ ചൂഷണം തടയുക, തൊഴിൽ സംരക്ഷണത്തിന് ആവശ്യമായ നടപടികൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>ഐ.ടി പാർക്കുകളിലെ കമ്പനികളിൽ തൊഴിൽ ചൂഷണവും, തട്ടിപ്പും തടയുന്നതിനായി കമ്പനികളും, പാർക്കുകളുമായുള്ള കരാറിൽ നിയമാനുസൃതമായ എല്ലാ സേവനവേതന വ്യവസ്ഥകളും പാലിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**